# അധികാര പ്രതിരോധങ്ങളുടെ ആവിഷ്കാരം —അഭിജ്ഞാന ശാകുന്തളത്തിൽ

മഹാഭാരതത്തിൽ നിന്നുദ്ധൃതമായ കാളിദാസന്റെ ശാകുന്തളം കവിയുടെ ഭാവനാചാതുര്യംകൊണ്ടും സഹൃദയഹൃദയാഹ്ലാദദായിനിയും അതിലുപരി ഉപമാത്മകവുമാണെന്നത് തീർത്തും യാദൃച്ഛികമാണ്. രാജാധികാരത്തെ ചെറുത്തു നില്പിലൂടെ ആവിഷ്കൃതമാക്കുന്ന ഒരു കൃതിയെന്ന നിലയിൽ അഭിജ്ഞാന ശാകുന്തളത്തെ വിവക്ഷിക്കാം. ഈ നാടകത്തിലൂടെ സഞ്ചരിക്കുമ്പോൾ, രണ്ടു വിധത്തിലുള്ള അധികാരങ്ങൾ ദൃശ്യമാണ്. ഒരു രാജാവിന് തന്റെ പ്രജയ്ക്കു മേലുള്ള രാജാധികാരവും മറ്റൊന്ന് പുരുഷമേധാവിത്വത്തിന്റെ അധികാരവും. അന്ന് നിലനിന്നിരുന്ന സാമൂഹികാചാരങ്ങളും വ്യവസ്ഥിതിയും ഈ കൃതി രൂപം കൊള്ളുന്നതിൽ ഹേതുവാണെന്നിരുന്നാലും ധർമ്മപാലകനായ രാജാവ് തന്നെ വിസ്മൃതിയിലാണ്ടത് തികച്ചും സ്വാഭാവികമായിരിക്കുമോ? ധർമ്മത്തിലൂന്നി, നാഗരികതയുടെ പൊള്ളയായ കാഴ്ചപ്പാടുകളില്ലാതെ, ആരണ്യത്തിൽ വസിച്ചതു കൊണ്ടാവാം, വാക്കിനെ സത്യമായിക്കണ്ട ആ കണ്വപുത്രി തന്റെഅഭിലാഷ നിവൃത്തിക്കായി ധർമ്മം മാത്രമാധാരമെന്ന് നിനച്ച് ഗാന്ധർവ്വ വിധി പ്രകാരം ദുഷ്യന്തനെന്ന വ്യക്തിയെ വേട്ടത് എന്നാണ് കാളിദാസ പക്ഷം. വനജ്യോത്സ്നയെപ്പോലും തന്റെ സോദരിയായി കണക്കാക്കിയ ശകുന്തള, ചാപല്യമെന്തെന്നറിയാത്ത പെൺകിടാവ്, എന്തിനായിരിക്കണം ഗുരുസ്ഥാനീയരായവരുടെ അനുവാദം പോലുമില്ലാതെ സ്വയം അടിയറ വെച്ചത്. അതും തന്റെ സന്തതിയാൽ രാജാധികാരത്തിന്റെ പ്രൗഢി പ്രാപ്തമാക്കാം എന്നോർത്താവണം. ദുഷ്യന്തനെന്ന കഥാപാത്രവും,

തന്റെ വംശം നിലനിർത്തുന്നതിന് വേണ്ടി മാത്രമാണ് 'ശകുന്തള'യെ വേൾക്കാൻ തയ്യാറായത്.

മഹാഭാരതത്തിലെ ശാകുന്തളോപാഖ്യാനത്തിൽ, പറയാതെ വിട്ടുപോയ പല കാര്യങ്ങളും രാജാവിന്റെ ധർമ്മത്തിൽ മാത്രമുറച്ച്– അധികാരഭാവങ്ങളിൽ നിന്നും വേറിട്ട്–മനുഷ്യമനസ്സിന്റെ ചിന്തയെ ഉണർത്തുന്നതിൽ കാളിദാസൻ ശ്രദ്ധിച്ചിരുന്നുവെന്ന് മനസ്സിലാക്കാം. ദുഷ്യന്തൻ, താൻ രാജാവാണെന്ന അധികാരത്താലാണ് 'സകാമായാഃ സകാമേന നിർമ്മന്ത്രോ രഹസി - സ്മൃതഃ' എന്ന വിധിപ്രകാരം ശകുന്തളയെ വേട്ടത്: തദവസരത്തിൽ, തന്റെ ആഗ്രഹനിവൃത്തിക്കുവേണ്ടി, സ്വരാജ്യം വരെ വാഗ്ദാനം ചെയ്യുകയുണ്ടായി.

'അസംശയം ക്ഷത്രപരിഗ്രഹക്ഷമാ
യ ദാര്യമസ്യാഭിലാക്ഷിമേ മനം
സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ'

ഈ ശ്ലോകത്തിലൂടെ ശകുന്തള ക്ഷത്രിയനു വേൾക്കാവുന്നവളാണെന്ന് രാജാവ് അസംശയം സ്ഥാപിക്കുന്നു. കാരണം, ശങ്കയുള്ള വിഷയത്തിൽ, മനസ്സിന്റെ വൃത്തികളാണ് നമുക്ക് പ്രമാണമായിട്ടുള്ളത്.

പിന്നീട് അനസൂയ-പ്രിയംവദമാർ ഭ്രമരങ്ങളാൽ ആക്രമിക്കപ്പെട്ട തങ്ങളുടെ സഖിയോട് രാജാവായ ദുഷ്യന്തനാണ് തപോവനങ്ങളെ രക്ഷിപ്പാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്ന് പറയുകയുണ്ടായി. തദവസരത്തിലാണ് ദുഷ്യന്തൻ ഒരു പൗരവനായി രംഗപ്രവേശം ചെയ്യുന്നത്. സ്വയം രാജാവാണെന്ന് വെളിപ്പെടുത്താതെ, ധർമ്മാനുഷ്ഠാനങ്ങൾ വിഘ്നമില്ലാതെ നടത്താൻവേണ്ടി അധികാരപ്പെടുത്തിയ വ്യക്തിയെന്നു മാത്രമാണ് പറയുകയുണ്ടായത്. ശകുന്തളയുടെ രൂപസൗഷ്ഠവത്താലും ആതിഥേയത്താലും തല്പരനായെങ്കിലും രാജാവായ തനിക്ക് വേൾക്കാൻ പററുന്നവളാണൊ എന്ന് അരക്കിട്ടുറപ്പിക്കുന്നതിനു വേണ്ടി സഖിമാരോട് വീണ്ടും അവളുടെ ജന്മവൃത്താന്തം ആരായുകയുണ്ടായി. നിത്യബ്രഹ്മചാരിയായ കണ്വമഹർഷിക്ക് എപ്രകാരമാണ് ഒരു പുത്രിയെ ലഭ്യമാകുകയെന്ന് നിനച്ചിരിക്കെ, അവൾ അപ്സരസിന് കൗശികനിൽ ജാതയായവളെന്ന് തിരിച്ചറിഞ്ഞ് തന്റെ ആഗ്രഹനിവൃത്തി സാധ്യമായിരിക്കുന്നുവെന്ന് മനസാ ഉറപ്പിച്ചു.

'പ്രഭാതരളം ജ്യോതിഃ വസുധാതലാത് ന ഉദേനി' എന്ന് ആത്മഗതം ചെയ്തു. പുനഃ വൈഖാനസവ്രതമനുഷ്ഠിക്കുന്ന, അവളെ അഗ്നിയെന്നു കരുതിയെങ്കിലും കരഗതമായിരിക്കുന്ന രത്നമായിത്തീർന്നിരിക്കുന്നു.

പ്രണയബദ്ധരായിത്തീർന്ന ശകുന്തളാ-ദുഷ്യന്താദികളുടെ വിധി നിർണ്ണയം മറവിയെന്ന പോരാളിയെക്കൊണ്ട് കാളിദാസൻ അനുഭവവേദ്യമാക്കിയിരിക്കുന്നു.

'സാ വിധിനാ ചിത്രേ നിവേശ്യ
പരികല്പിത സത്ത്വയോഗാ/നു
മനസാ ത്രുപോച്ചയേന കൃതാനു
ധാതുഃ വിഭീത്വം തസ്യാം
വപും ച അപുചിന്ത്യ സാ അപരാ
സ്ത്രീരത്ന സൃഷ്ടിഃ
ഇതിമെ പ്രതിഭാതി'

രാജാധികാരിക്കുചിതമായ വചസ്സുയർത്തേണ്ട, ചന്ദ്രരാജവംശത്തിനലങ്കാരമായ, രാജർഷിയാൽ ഇപ്രകാരം കമലാധിവാസന്റെ സൃഷ്ട്യൗന്നത്യവും, തപോകന്യകയുടെ ഉടലും ചേർത്ത് സാദൃശ്യം ചമയ്ക്കുന്നത് തീർത്തും വിവേചനം മാത്രമാണ് .

ആ തരുണീമണിയുടെ രൂപത്തെ അനാഘ്രാത കുസുമം പോലെയും നുള്ളാത്ത തളിർപോലെയും അണിയാത്തരത്നം പോലെയും അനാസ്വാദിത മധുസദൃശവും അളവറ്റ പുണ്യങ്ങളുടെ കലവറയാണെന്നും വർണ്ണിക്കുകയുണ്ടായി. തികച്ചും, നിർദ്ദോഷപരമായ വാക്കുകളാണിതെങ്കിലും ആഢ്യതയുടെ അധികാരത്തിന്റെ മാറ്റൊലി ദൃശ്യമാണ്.

ശകുന്തളയാകട്ടെ രാജാവെന്നോ രാജപുരുഷനെന്നോ നിനയ്ക്കാതെ തന്നെ മനസ്സാ അദ്ദേഹത്തെ വരിച്ചു. തപസ്വി ജനങ്ങളാൽ, ആശ്രമ പരിപാലാനാർത്ഥം നിയോഗിക്കപ്പെട്ട ദുഷ്യന്തരാജാവ് തന്റെ മനോരഥത്തിന് ആക്കംകൂട്ടിയതറിഞ്ഞ് യജ്ഞനിർവ്വഹണത്തിൽ വിഘ്നമില്ലാതിരിക്കാൻ മറ്റ് പരിജനങ്ങളെ കൊട്ടാരത്തിലേയ്ക്ക് പറഞ്ഞയച്ച്, ആശ്രമപദത്തിൽ വിശ്രമിയ്ക്കാനുറച്ചു. വിദൂഷകനെ യാത്രയാക്കുന്ന വേളയിൽ, ചപലനായ അദ്ദേഹം തന്റെ പ്രണയവൃത്താന്തം അന്തഃപുരത്തിൽ നിമന്ത്രണം ചെയ്താലോ എന്ന് നിനച്ച്, വ്യർത്ഥമായി പറഞ്ഞ വാക്കുകളെ പരമാർത്ഥമാക്കരുതെന്ന് ഉണർത്തിക്കുകയുണ്ടായി.

വനജ്യോത്സ്നയെപ്പോലും തന്റെ സോദരിയായി കരുതിയ ശകുന്തളയാവട്ടെ അദ്ദേഹം രാജാവാണെന്നറിഞ്ഞതുമില്ല. എങ്കിലും, സഖിയായ അനസൂയയുടെ നിവേദനം മാനിച്ച് അവരുടെ തോഴിയെ സമുദ്രമാകുന്ന കടിഞ്ഞാണിനാൽ ബന്ധിച്ച ഉർവ്വിയെന്നവണ്ണം സംരക്ഷണമേകിക്കൊള്ളാമെന്ന് വാക്കു നൽകുകയുണ്ടായി.

ദുർവാസാവിന്റെ രൂപത്തിൽ ആഗതനായ വിധി 'ആരെ നിനച്ചിരിക്കുന്നൊ അയാൾ നിന്നെ ബോദ്ധ്യപ്പെടുത്തിയാലും അറിയാതെ പോകട്ടെ' എന്ന് ശാപശരങ്ങളുതിർത്തു.

'പ്രത്യഭിജ്ഞാനംകൊണ്ട് ശാപനിവൃത്തി വരുത്താനാശിച്ച് സഖിമാർ യാത്രാവേളയിൽ അവളോട് അംഗുലീയകത്തെക്കുറിച്ച് സ്മരണ നൽകി.

അർത്ഥവത്തായ ശ്ലോകത്തിലൂടെ ഹംസപദിക അഞ്ചാമങ്കത്തിൽ ഇപ്രകാരം പറയുന്നു:-

'അല്ലയോ ഭ്രമരമെ പുതുതേനിൽ കൊതിപൂണ്ട്, പൂങ്കുലയെ നുകർന്നിട്ട് വീണ്ടും പദ്മത്തിലമരുന്നതെന്തിന്.'

ഈ ഗാനാലാപനത്താൽ വിരഹദുഃഖമില്ലെങ്കിലും, മനസ്സ് തപ്തമായിരിക്കുന്ന രാജാവിന് കാര്യമേതുമറിയാനായില്ല.

രാജ്യലക്ഷ്മി കയ്യിലിരിക്കെ കൈയൊഴിഞ്ഞ ലക്ഷ്മിയെ തിരയാനാവാത്തവനെപ്പോലെയായിത്തീർന്ന അദ്ദേഹം ലോകഹിതത്തിനായി ധർമ്മപരിപാലാനാർത്ഥം രാപ്പകലുകളറിയാതെ ദിനങ്ങൾ കഴിച്ചുകൂട്ടി. വാമേതരാക്ഷി തുടിക്കുന്നതെന്തെന്നറിയാതെ ശകുന്തള രാജാവിനു മുന്നിൽ നമ്രമുഖിയായി നിന്നു. ഗർഭവതിയായ തപോധനയെ ആരെന്ന് സംശയിച്ച്, വീണ്ടും ഇവളെ താൻ പാണിഗ്രഹണം ചെയ്തതറിഞ്ഞ്, അവളെ സ്വീകരിക്കണമെന്നത് എന്ത് ധർമ്മമെന്നാരാഞ്ഞു. പരിത്യജിക്കാനും, സ്വീകരിക്കാനും അർഹയല്ലാതായ താപസകന്യക അപഹരിച്ച മുതൽ തിരിച്ചുനൽകിയ പിതാവിനെക്കുറിച്ചോർത്ത് വിസ്മൃതിയാണ്ട് തന്റെ അനുരാഗത്തിന്റെ രേതസിനെ പേറുന്ന കൂലംകഷയായ അരുവിയെന്നവണ്ണം ആയിത്തീർന്നു. അജ്ഞാതമായ ഹൃദയത്തോടുള്ള വേഴ്ച വൈരമായി ഭവിക്കുമെന്നത് ജീവിക്കാനുള്ള പ്രേരണയെ ഉണർത്തി. പിറവി മുതൽ വഞ്ചനയറിയാതെ വളർന്ന കാനനവാസികളുടെ വാക്കിനെ പ്രമാണമാക്കാതെ ചതിയെ ആപ്തവാക്യമാക്കുകയെന്നത് പുരുവംശരാജാവിന് ചേർന്നതാണോയെന്ന വാക്കിനാൽ ശാർങ്ഗരവൻ ശക്തിയായി പ്രതിരോധിക്കുന്നത് നമുക്ക് വീക്ഷിക്കാം.

'ആത്മവിശുദ്ധിയറിയുന്നവളാണെങ്കിൽ, ദാസ്യവും പതിവ്രതയ്ക്കലങ്കാരം എന്ന് മൊഴിഞ്ഞുകൊണ്ട് അവർ നടന്നു നീങ്ങി.'

ജിതേന്ദ്രിയനായ രാജർഷിയുടെ മനം കവരാൻ, ശശാങ്കകുമുദങ്ങൾക്കോ കതിരവനോ പങ്കജത്തിനൊ മാത്രമെ സാധ്യമാവൂയെന്ന്

രാജാവ് ആവർത്തന വിരസതയെ സൃഷ്ടിക്കുമ്പോഴും ദാരത്യാഗിയോ, പരസ്ത്രീസ്പർശമോ ഏതു വിധത്തിൽ ധർമ്മം കാക്കണം എന്നീ പ്രകാരമെല്ലാം ആരായുകയുണ്ടായി. വിധിയെ പഴിച്ച ശകുന്തളയെ അപ്സര തീർത്ഥത്തിനടുക്കൽ നിന്നും തേജസ്സിനാൽ ഉദ്ധൃതയാക്കപ്പെട്ടു.

ഏതൊരു സാഹിത്യകൃതിയെടുത്താലും ഓരോ കാലഘട്ടത്തിൽ നിലനിന്നിരുന്ന സാമൂഹികാചാരങ്ങളും വ്യവസ്ഥിതിയും ആ കൃതികളിൽ പ്രതിഫലിക്കുന്നു. ഇത്തരത്തിൽ ചിന്തിച്ചാൽ അഭിജ്ഞാന ശാകുന്തളത്തെ അധികാരം പ്രതിരോധത്തിലൂടെ ആവിഷ്ക്കരിക്കപ്പെട്ട ഒരു കൃതി എന്ന് വിശേഷിപ്പിക്കാനാകും.

സഹായഗ്രന്ഥങ്ങൾ

1. അഭിജ്ഞാനശാകുന്തളം–കുട്ടികൃഷ്ണമാരാര്

2. അഭിജ്ഞാനശാകുന്തളം–എ.ആർ. രാജരാജവർമ്മ

3. Sanskrit Drama–A. B. Keeth

4. Abhijhnanashakunthala–Kate

5. സംസ്കൃതസാഹിത്യ വിമർശനം –ഡോ. എൻ.വി. പി. ഉണ്ണിത്തിരി.

പ്രജിനി പ്രകാശ്
അസിസ്റ്റന്റ് പ്രൊഫസർ
സംസ്കൃത വിഭാഗം
കെ.കെ.ടി.എം.ഗവ. കോളേജ്
പുല്ലൂററ്